## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *17 — 28 – 05–2019–ൽ മറുപടിക്ക്.

### സി–ഡിറ്റിൽ നിന്നും മാറ്റിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റോഷി അഗസ്റ്റിൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ സി–ഡിറ്റ് മുഖേന നടപ്പിലാക്കിയിരുന്ന ഏതെങ്കിലും പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക് വിട്ടു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | പദ്ധതികളൊന്നും മാറ്റിയിട്ടില്ല. എന്നാൽ പി.ആർ.ഡി മുഖേന നടപ്പാക്കിവരുന്ന നാം മുന്നോട്ട് എന്ന പ്രതിവാര പരിപാടിയുടെ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തി വന്നിരുന്നത് സി–ഡിറ്റായിരുന്നു. പരിപാടിയിൽ പങ്കെടുക്കുന്ന അതിഥികൾക്ക് സൗകര്യപ്രദമായ സമയത്ത് സി–ഡിറ്റിന്റെ സ്റ്റുഡിയോ ക്രമീകരിക്കാനാകാത്തത് കണക്കിലെടുത്ത് സാങ്കേതിക നിർവ്വഹണത്തിന് താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏജൻസിയെ ചുമതലയേൽപ്പിച്ചു. |
| (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഉൾപ്പെടെയുള്ളവയുടെ പോർട്ടലുകൾ നിലവിൽ താറുമാറായിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരമാണ് നിർദ്ദേശിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | നിലവിൽ താറുമാറായി കിടക്കുന്ന സാഹചര്യമില്ല. |
| (സി) | കേരളാ ഗസറ്റിന്റെ ഓൺലൈൻ പോർട്ടൽ നിർജ്ജീവമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സി–ഡിറ്റിന്റെ പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക് നൽകുന്നതുമായി ഈ കാര്യത്തിന് ബന്ധമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | ഇ–ഗസറ്റ് ഓൺലൈനായി ലഭ്യമാകുന്നതിലെ തടസ്സം പരിഹരിച്ചിട്ടുണ്ട്. സി–ഡിറ്റിന്റെ പദ്ധതികൾ സ്വകാര്യ കമ്പനികൾക്ക് നൽകുക എന്നത് സർക്കാരിന്റെ നയമല്ല. |

| | | | |
|---|---|---|---|
| (ഡി) | കേരളാ ഗസറ്റിന്റെ ഓൺലൈൻ പോർട്ടൽ സി-ഡിറ്റിൽ നിന്നും മാറ്റിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | അച്ചടി വകുപ്പിന്റെ വൈബ് സൈറ്റ് മുഖേന ഇ-ഗസറ്റ് ഓൺലൈനായി ലഭ്യമാകുന്ന പദ്ധതി സി-ഡിറ്റ് തന്നെയാണ് നടപ്പിലാക്കുന്നത്. |
| (ഇ) | കേരള സർക്കാരിന്റെ ഏതെല്ലാം പദ്ധതികളാണ് സി-ഡിറ്റിൽ നിന്നും മാറ്റിയതെന്ന് വ്യക്തമാക്കാമോ; ഇപ്പോൾ ഏത് ഏജൻസിക്കാണ് ഈ പദ്ധതികൾ നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ? | (ഇ) | സി-ഡിറ്റ് സർക്കാർ വകുപ്പുകൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളൊന്നും സി-ഡിറ്റിൽ നിന്നും മാറ്റിയിട്ടില്ല. സംസ്ഥാന സർക്കാരിനു വേണ്ടി ഇൻഫർമേഷൻ ടെക്നോളജി മേഖലയിലും കമ്മ്യൂണിക്കേഷൻ രംഗത്തും ഹോളോഗ്രാം നിർമ്മാണത്തിലും നിരവധി പദ്ധതികൾ സിഡിറ്റ് ചെയ്തു വരുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ച "'ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ" എന്ന നിലയിൽ വിവിധ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വേണ്ടി വിവര സാങ്കേതിക വിദ്യയുടെ പ്രയോഗം അടിസ്ഥാനമാക്കി നിരവധി പദ്ധതികൾ സിഡിറ്റ് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ സിഡിറ്റിന്റെ സാങ്കേതികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ